## 2018-ലെ സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം നേടിയ ശ്രീ വിഷ്ണുനാരായണൻ നമ്പൂതിരിക്കു സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

മലയാളകവിതയിൽ സ്വകീയമായൊരു സഞ്ചാരപഥം തെളിച്ചെടുത്ത് തികഞ്ഞ ആത്മവിശ്വാസത്തോടെ സർഗസഞ്ചാരം തുടരുന്ന പ്രതിഭാശാലിയാണ് കവി വിഷ്ണുനാരായണൻ നമ്പൂതിരി. എൻ.വി. കൃഷ്ണവാര്യർ ഉപദർശിച്ചതുപോലെ വർത്തമാനകാലചൈതന്യത്തെ ആത്മസാൽകരിച്ചുകൊണ്ട് ഭാവികാല ചൈതന്യത്തെ രൂപപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കവിപ്രതിഭയാണ് വിഷ്ണുനാരായണൻ നമ്പൂതിരി.

പ്രകടമായ ഭൗതികയാഥാർത്ഥ്യങ്ങളും സൂക്ഷ്മമായ ആത്മീയചൈതന്യവും വിഷ്ണുവിന്റെ കവിതയിൽ വിലയം പ്രാപിച്ചിരിക്കുന്നു. വൈദിക സംസ്കാരത്തിന്റെ സമകാലിക പ്രസക്തിയെക്കുറിച്ച് ചിന്തിക്കവേ ചിലപ്പോഴൊക്കെ കവി സാർത്ഥകമായി മന്ദഹസിക്കുന്നു.

സുദീർഘമായ കാലഘട്ടങ്ങളിലൂടെ വളർന്നുവന്നിട്ടുള്ള തത്വശാസ്ത്രങ്ങളെയും വ്യക്തിത്വഭേദങ്ങളെയും അതിലടങ്ങിയിരിക്കുന്ന നന്മയെ പുരസ്കരിച്ച് ആശിർവദിക്കുവാനുള്ള വിശാലമനസ്കത ഈ കവിയുടെ ഒരു സവിശേഷതയാണ്.

അഞ്ഞൂറിലേറെ ഉൽകൃഷ്ടരചനകളിലൂടെ പ്രകടമാകുന്ന സർഗാത്മകതയാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ഔന്നത്യത്തിന്റെ അടിത്തറ. കേരളസാഹിത്യ അക്കാദമി ദേശീയപുരസ്കാരം, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, മാതൃഭൂമി സാഹിത്യപുരസ്കാരം, വീണപൂവ് ശതാബ്ദി സമ്മാനം തുടങ്ങിയ നിരവധി ബഹുമതികളാൽ ആദരിക്കപ്പെട്ടുകഴിഞ്ഞ വിഷ്ണുനാരായണൻ നമ്പൂതിരിക്കായി ഈ വർഷത്തെ സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്.

കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായിരുന്ന സി.വി. കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യ പുരസ്കാരം സ്നേഹപൂർവ്വം വിഷ്ണുനാരായണൻ നമ്പൂതിരിക്കു സമർപ്പിക്കുന്നു. എഴുത്തുവഴിയിൽ വിഷ്ണുനാരായണൻ നമ്പൂതിരിക്ക് ഇനിയും ബഹുദൂരം മുന്നേറുവാനും വലിയ നേട്ടങ്ങൾ കൈവരിക്കുവാനും കഴിയട്ടെ എന്നാശംസിക്കുന്നു.

M. Mukundan

എം. മുകുന്ദൻ
അദ്ധ്യക്ഷൻ

ഹാഷിം രാജൻ
കാര്യദർശി

**സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ**
**തിരുവനന്തപുരം**
10 ഏപ്രിൽ 2018